# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 4, തിങ്കൾ

**നമ്പർ 126**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കപ്പെട്ടു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ നിയമസഭാംഗമായിരുന്ന ഡോ. എ. വി. ഐസകിന്റെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

അംഗത്തിന്റെ സഗൗരവ പ്രതിജ്ഞ :

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സജി ചെറിയാൻ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത് അംഗത്വ രജിസ്റ്ററിലും പ്രതിജ്ഞാ ഫാറത്തിലും ഒപ്പുവച്ചു.

ചെയർമാൻമാരുടെ പാനൽ :

പതിനൊന്നാം സമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു:

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. എൻ. എ. ഖാദർ.

KNPP. 1225/2018 (i).

അടിയന്തരപ്രമേയം :

പോലീസിന്റെ അറിവോടെയും ഒത്താശയോടെയും നടന്നതായി ആരോപിക്കപ്പെടുന്ന കോട്ടയത്തെ കെവിൻ എന്ന യുവാവിന്റെ കൊലപാതകംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം) കക്ഷിയിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

(ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, കേരള കോൺഗ്രസ് (ജേക്കബ്) ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വയ്ക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ബഹളത്തിനിടയിൽ സ്പീക്കർ അടുത്ത നടപടിക്രമങ്ങളിലേക്ക് കടന്നു).

ശ്രദ്ധ ക്ഷണിക്കൽ :

സംസ്ഥാനത്ത് ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിലുള്ള കടലാക്രമണ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. എൻ. ഷംസീർ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ അവതരിപ്പിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രാജു എബ്രഹാം | ശബരിമല വിമാനത്താവള നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | കുമാരി ജസ്ന മരിയ ജെയിംസിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 3 | ശ്രീ. ജോർജ് എം. തോമസ് | പുതുപ്പാടി ഈങ്ങാപ്പുഴ വില്ലേജുകളിൽ കൈവശക്കാർക്ക് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടക്കുന്നതിനുമുള്ള തടസ്സം നീക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. എം. രാജഗോപാലൻ | ഗ്രാമപ്രദേശങ്ങളിൽ സിനിമാ തീയേറ്ററുകൾ അടച്ചുപൂട്ടുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര താലൂക്ക് തിരുവനന്തപുരം ആർ.ഡി.ഒ. യിൽ നിലനിർത്തുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. റ്റി. വി. രാജേഷ് | വിദൂര വിദ്യാഭ്യാസ രംഗത്ത് യു.ജി.സി.-യുടെ പുതിയ നിബന്ധന | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | തഴവ ഗവ.കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതും സ്ഥലം ഏറ്റെടുക്കുന്നതും | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

മന്ത്രിമാർ അതത് വിഷയം സംബന്ധിച്ച് പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തു വച്ചു:

(1) ദി കേരള ഹൈക്കോർട്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 22).

(2) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്, (2018-ലെ 30).

(3) ദി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 21).

(4) ദി കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് ദി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് (ടേക്കിംഗ് ഓവർ ദി മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ) ഓർഡിനൻസ്, 2018 (2018-ലെ 33).

(5) ദി അബ്കാരി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 20).

(6) ദി ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 28).

(7) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 23).

(8) ദി ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 24).

(9) 2018-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, (2018-ലെ 25).

(10) ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 26).

(11) ദി കേരള യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 (2018-ലെ 27).

(12) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ്, (2018-ലെ 36).

(13) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) (ഭേദഗതി) ഓർഡിനൻസ്, (2018-ലെ 37).

(14) ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2018 (2018-ലെ 29).

(15) 2018-ലെ കേരള മുനിസിപ്പാലിറ്റി ( ഭേദഗതി) ഓർഡിനൻസ്, (2018-ലെ 31).

(16) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, (2018-ലെ 32).

(17) 2018-ലെ മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്, (2018-ലെ 34).

(18) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്, (2018-ലെ 35).

<u>നിയമനിർമ്മാണകാര്യം :</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പിലാറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവനകൾ ബില്ലുകളോടൊപ്പം മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ബില്ലുകൾ ഒമ്പതാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിച്ചില്ല. ചർച്ച ഉണ്ടായില്ല. തുടർന്ന് പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച 9-ാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2018 ജൂൺ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.18-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

## BULLETIN—PART I

(Brief Record of Proceedings )

*Monday, June 4, 2018*

**No.126**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

The National Anthem was sung before the commencement of the proceedings.

*Questions:*

Four questions in the list of questions posted for the day were answered orally.

*Obituary Reference:*

The Speaker made reference on the demise of Dr. A. V. Issac, former Member. As a mark of respect to the deceased, the Members stood in silence for a while.

*Affirmation by the Member:*

Shri Saji Cherian, elected in the bye-election from Chengannur Constituency, made affirmation as Member of the Legislative Assembly and signed in the form of affirmation and Roll of Members.

*Panel of Chairmen:*

The following Members were nominated to the Panel of Chairmen for the Eleventh session:

Smt. E. S. Bijimol

Shri B. D. Devassy

Shri K. N. A. Khader.

KNPP. 1225/2018 (ii).

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and two other Members regarding the serious situation reported to have arisen consequent on the murder of Kevin, a young man belonging to Kottayam, which was alleging committed with the knowledge and backing of police.

In protest against the attitude of the Government in the matter the Members belonging to Kerala Congress (M) staged a walk out.

(The Members belonging to Indian National Congress, Kerala Congress (Jacob) and Indian Union Muslim League moved into the well of the House raising slogans and tried to disrupt the proceedings of the House. Amidst the pandemonium the Speaker proceeded to the next business of the House).

*Calling Attention:*

Shri A. N. Shamseer called the attention of the Minister for Water Resources to the necessity to take short term and long term defensive steps against sea erosion in the State. The Minister made a statement thereto.

*Matters under Rule 304:*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രാജു എബ്രഹാം | ശബരിമല വിമാനത്താവള നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | കുമാരി ജസ്ന മരിയ ജെയിംസിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 3 | ശ്രീ. ജോർജ് എം. തോമസ് | പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിൽ കൈവശക്കാർക്ക് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള തടസ്സം നീക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. എം. രാജഗോപാലൻ | ഗ്രാമപ്രദേശങ്ങളിൽ സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകര താലൂക്ക് തിരുവനന്തപുരം ആർ.ഡി.ഒ. യിൽ നിലനിർത്തുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. റ്റി.വി. രാജേഷ് | വിദൂര വിദ്യാഭ്യാസ രംഗത്ത് യു.ജി.സി. യുടെ പുതിയ നിബന്ധന | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | തഴവ ഗവ.കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതും സ്ഥലം ഏറ്റെടുക്കുന്നതും | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on respective subjects.

*Papers laid on the Table*

The following Ordinances were laid on the Table:

(1) The Kerala High Court (Amendment) Ordinance, 2018 (22 of 2018).

(2) The Kerala Conservation of Paddy Land and Wetland (Amendment) Ordinance (30 of 2018).

(3) The Kerala Irrigation and Water Conservation (Amendment) Ordinance, 2018 (21 of 2018).

(4) The Kerala Co-opeartive Hospital Complex and the Academy of Medical Sciences (Taking over the Management and Administration) Ordinance, 2018 (33 of 2018).

(5) The Abkari (Amendment) Ordinance, 2018 (20 of 2018).

(6) TheTravancore-Cochin Hindu Religious Institutions (Amendment) Ordinance, 2018 (28 of 2018).

(7) The Calicut University (Alternate Arrangement Temporarily Of The Senate and Syndicate) Ordinance, 2018 (23 of 2018).

(8) The Sree Sankaracharya University of Sanskrit (Amendment) Ordinance, 2018 (24 of 2018).

(9) The A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 (25 of 2018).

(10) The Kerala State Higher Education Council (Amendment) Ordinance, 2018 (26 of 2018).

(11) The Kerala University (Amendment) Ordinance, 2018(27 of 2018).

(12) The Kerala University(Alternate Arrangement Temporarily Of The Senate and Syndicate) Ordinance, 2018 (36 of 2018).

(13) The Calicut University(Alternate Arrangement Temporarily Of The Senate and Syndicate) (Amendment) Ordinance, 2018 (37 of 2018).

(14) The Kerala Public Service Commission (Additional Functions as Respects The Services Under the Wakf Board) Ordinance, 2018 (29 of 2018).

(15) The Kerala Municipality (Amendment) Ordinance, 2018 (31of 2018).

(16) The Kerala Panchayat Raj (Amendment) Ordinance, 2018 (32 of 2018).

(17) The Kerala Municipality (Second Amendment) Ordinance, 2018 (34 of 2018).

(18) The Kerala Panchayat Raj (Second Amendment) Ordinance, 2018 (35 of 2018).

*Legislative Business:*

DR. K. T. Jaleel, Minister for Local Self Government, Welfare of Minorities, Wakf and Hajj Pilgrimage introduced the Kerala Municipality (Amendment) Bill, 2018, the Kerala Panchayat Raj (Amendment) Bill, 2018 and the Kerala

Municipality (Second Amendment) Bill, 2018 and laid on the Table the statements under Rule 75 (1). The Minister also moved that the Bills be referred to Subject Committee IX for its consideration. Ordinance disapproval motion and amendments were not moved. There was no discussion. Then the bills were referred to Subject Committee IX-Local Administration, Rural Development and Housing.

The House adjourned at 11.18 a.m. to meet again at 8.30 a.m. on Tuesday, June 5, 2018.

V . K. Babu Prakash,
*Secretary .*